Jesus Youth RECOMMITMENT DAY 2016

A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

# ജീസസ് യൂത്ത് പുനരർപ്പണ പ്രതിജ്ഞ

പിതാവായ ദൈവമേ, അങ്ങയുടെ ദാനമായ ജീവനും സ്നേഹത്തിനുമായി ഞാൻ അങ്ങയെ സ്തുതിക്കുന്നു. ആരാധിക്കുന്നു; അങ്ങേയ്ക്ക് നന്ദി പറയുന്നു. ഞാൻ അങ്ങയുടെ പൈതൽ ആയിരിക്കുന്നതിനാൽ ഞാൻ അങ്ങേയ്ക്ക് നന്ദിപറയുന്നു. ജീസസ് യൂത്ത് മൂന്നേറ്റത്തിലെ എന്റെ സഹോദരീ സഹോദരൻമാരുടെ മനോജ്ഞമായ കൂട്ടായ്മയിലൂടെ ഞാൻ അനുഭവിക്കുന്ന സ്നേഹത്തിനും കരുതലിനും പിതാവേ ഞാൻ അങ്ങേയ്ക്കു നന്ദിപറയുന്നു.

യേശുനാഥാ, എന്നെ ഒരിക്കൽക്കൂടി അങ്ങേയ്ക്ക് സമർപ്പിക്കുന്നതിന് ഞാനാഗ്രഹിക്കുന്നു. അന്ധകാരത്തിന്റെ എല്ലാ ശക്തികളെയും ഞാൻ ഉപേക്ഷിക്കുകയും അങ്ങയെ എന്റെ ജീവിതത്തിന്റെ നാഥനും രക്ഷകനുമായി സ്വീകരിക്കുകയും ചെയ്യുന്നു. എന്റെ ഇന്നലെകളെ സുഖമാക്കണമെ; എന്റെ ഇന്നിനെ അനുഗ്രഹിക്കണമെ, എന്റെ നാളെയെ നിയന്ത്രിക്കണമെ.

പരിശുദ്ധാത്മാവേ, എന്റെ ജീവിതത്തിലെ എല്ലാ നിമിഷങ്ങളിലെയും അങ്ങയുടെ മാർഗനിർദ്ദേശത്തിന് ഞാൻ അങ്ങേയ്ക്ക് നന്ദി പറയുന്നു. അങ്ങയുടെ വരദാനഫലങ്ങളാൽ എന്നെ അനുഗ്രഹിക്കണമെ. അങ്ങനെ ഞാൻ വിശുദ്ധിയിൽ ഉത്തരോത്തരം വളരട്ടെ; എന്റെ പ്രേഷിത ദൗത്യം ഫലപ്രദമായി നിർവഹിക്കട്ടെ.

പരിശുദ്ധ ത്രിയേക ദൈവമേ, ഞാൻ........................(പേര്) അങ്ങയുടെ ദിവ്യസാന്നിധ്യത്തിൽ നിന്നുകൊണ്ട് എന്നെത്തന്നെ അങ്ങയുടെ സ്നേഹത്തിനും ജീസസ് യൂത്ത് മുന്നേറ്റത്തിനുമായി പുനരർപ്പണം ചെയ്യുന്നു. അങ്ങയോടുള്ള ബന്ധത്തിൽ വളരുവാൻ നിരവധി വർഷങ്ങളിലൂടെ ജീസസ് യൂത്ത് മുന്നേറ്റം വഴി ലഭിച്ച എല്ലാ അനുഗ്രഹങ്ങൾക്കുമായി ഞാൻ അങ്ങേയ്ക്ക് നന്ദിപറയുന്നു. ഈ യാത്രയിലെ ബഹുമാനപ്പെട്ട വൈദികർ, ആനിമേറ്റേഴ്സ്, നേതൃനിരയിലുള്ളവർ, സുഹൃത്തുക്കൾ തുടങ്ങിയവരുടെ പങ്ക് ഞാൻ നന്ദിയോടെ സ്മരിക്കുന്നു.

അങ്ങയുടെ ദൈവിക സാന്നിധ്യത്തിലും ജീസസ് യൂത്ത് സ്നേഹ ഐക്യസമൂഹത്തിന്റെ പിൻതുണയിലും ആശ്രയിച്ച് ഞാൻ പ്രതിജ്ഞ എടുക്കുന്നു:

- ആറ് സ്ഥായീഘടകങ്ങൾ (Six Pillers) അഭ്യസിച്ചുകൊണ്ട് ജീസസ് യൂത്ത് ജീവിതശൈലിയിൽ ജീവിക്കാമെന്നും
- ജീസസ് യൂത്തിന്റെ അനുദിന പ്രാർത്ഥന എല്ലാ ദിവസവും അർപ്പിക്കാമെന്നും
- മുന്നേറ്റം ഒരുക്കുന്ന രൂപവത്ക്കരണ പ്രക്രിയയ്ക്ക് തുറന്ന മനസോടെ വിധേയപ്പെടുമെന്നും

പ്രതിജ്ഞ ചെയ്ത് എന്നെ പുനരർപ്പണം ചെയ്യുന്നു.

ഈ സമർപ്പണം നിറവേറ്റുന്നതിന്, അപ്പസ്തോലൻമാരുടെ രാജ്ഞിയായ പരിശുദ്ധ മറിയമെ, എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.

---

(പേരെഴുതി ഒപ്പിടുക)

**ഇത് പൂരിപ്പിച്ച ശേഷം ദയവായി ഉത്തരവാദിത്വപ്പെട്ട വ്യക്തിക്ക് കൈമാറുക**

പേര് :..........................................................................................

പുരുഷൻ/ സ്ത്രീ:..............................................................................

ജനന തീയതി (ദിവസം/മാസം/വർഷം):.......................................

ഇമെയിൽ വിലാസം:............................................................................

ഫോൺ:..........................................................................................

വിലാസം:......................................................................................

..........................................................................................................

..........................................................................................................

..........................................................................................................

സമർപ്പണം നടത്തിയ സ്ഥലം .................................................

രാജ്യം .........................................................................................

സമർപ്പണം നടത്തിയ ദിവസം .................................................

ഏത് ജീസസ് യൂത്ത് കൂട്ടായ്മയിലാണ് നിങ്ങൾ പതിവായി പോകാറുള്ളത്? .........................................................................

..........................................................................................................

(ഹൗസ് ഹോൾഡ്, പ്രാർത്ഥന കൂട്ടായ്മ, ചെറു കൂട്ടായ്മ)

ജീസസ് യൂത്ത് മുന്നേറ്റത്തിലെ ഏതെങ്കിലും മിനിസ്ട്രിയുടെ ഭാഗമാണെങ്കിൽ ദയവായി എഴുതുക.

..........................................................................................................

---

(പേരെഴുതി ഒപ്പിടുക)

Jesus Youth RECOMMITMENT DAY 2016

A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

# ജീസസ് യൂത്ത് സമർപ്പണ പ്രതിജ്ഞ

ത്രീയേക ദൈവമേ, ഞാൻ (സ്വന്തം പേര് പറയുക) അങ്ങേ സന്നിധിയിൽ നിന്നുകൊണ്ട് എന്നെ പൂർണ്ണമായും അങ്ങേ സ്നേഹത്തിനും ജീസസ് യൂത്ത് മുന്നേറ്റത്തിനുമായി സമർപ്പിക്കുന്നു. കഴിഞ്ഞ നാളുകളിൽ ജീസസ് യൂത്ത് മുന്നേറ്റത്തിലൂടെ സ്വീകരിച്ച, അങ്ങേപ്പക്കലേക്ക് ഒരു പടികൂടി അടുപ്പിച്ച എല്ലാ അനുഗ്രഹങ്ങളെയും ഓർത്ത് അങ്ങേയ്ക്ക് നന്ദി പറയുന്നു.

എന്നെ ഞാനാക്കിതീർത്ത രൂപവത്ക്കരണ പ്രക്രിയയിൽ നിർണ്ണായക പങ്കുവഹിച്ച വൈദികരെയും ആനിമേറ്റേഴ്സിനെയും ജീസസ് യൂത്ത് നേതൃത്വത്തേയും സുഹൃത്തുക്കളെയും ഞാൻ കൃതജ്ഞതയോടെ സ്മരിക്കുന്നു.

അങ്ങേ ദൈവിക പരിപാലനയിലും ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ പിന്തുണയിലും ആശ്രയിച്ചുകൊണ്ട്

1) ആറ് സ്തൂപങ്ങളിലധിഷ്ഠിതമായ (Six Pillers) ജീസസ് യൂത്ത് ജീവിതശൈലിക്കനുസൃതമായി ജീവിച്ചുകൊള്ളാമെന്നും
2) ജീസസ് യൂത്ത് പൊതു പ്രാർത്ഥന എല്ലാ ദിവസവും ചൊല്ലിക്കൊള്ളാമെന്നും
3) ജീസസ് യൂത്ത് മുന്നേറ്റം ഒരുക്കുന്ന രൂപവത്ക്കരണ ക്രമത്തോട് തുറവി കാണിച്ചുകൊള്ളാമെന്നും എന്നെ പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

അപ്പസ്തോലന്മാരുടെ രാജ്ഞിയായ പരിശുദ്ധ മറിയമേ, ഈ സമർപ്പണം അർത്ഥവത്താക്കുവാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.

(പേരെഴുതി ഒപ്പിടുക)

## ഇത് പൂരിപ്പിച്ച ശേഷം ദയവായി ഉത്തരവാദിത്വപ്പെട്ട വ്യക്തിക്ക് കൈമാറുക

പേര് :..........................................................

പുരുഷൻ/ സ്ത്രീ:..........................................................

ജനന തീയതി (ദിവസം/മാസം/വർഷം):..........................................

ഇമെയിൽ വിലാസം:..........................................................

ഫോൺ:..........................................................

വിലാസം:..........................................................

..........................................................

..........................................................

..........................................................

സമർപ്പണം നടത്തിയ സ്ഥലം ..........................................

രാജ്യം ..........................................................

സമർപ്പണം നടത്തിയ ദിവസം ..........................................

ഏത് ജീസസ് യൂത്ത് കൂട്ടായ്മയിലാണ് നിങ്ങൾ പതിവായി പോകാറുള്ളത്? ..........................................

..........................................................

(ഹൗസ് ഹോൾഡ്, പ്രാർത്ഥന കൂട്ടായ്മ, ചെറു കൂട്ടായ്മ)

ജീസസ് യൂത്ത് മുന്നേറ്റത്തിലെ ഏതെങ്കിലും മിനിസ്ട്രിയുടെ ഭാഗമാണെങ്കിൽ ദയവായി എഴുതുക.

..........................................................

(പേരെഴുതി ഒപ്പിടുക)